**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : T 1802** **17.12.2012-ൽ മറുപടിക്ക്.**

# ആറ്റിങ്ങൽ കോടതി നിർമ്മാണ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | : | (എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ, 29.10.2012-ൽ കൂടിയ ടെണ്ടർ കമ്മിറ്റി റീ ടെണ്ടർ ചെയ്യുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ആയത് റീടെണ്ടർ ചെയ്യുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, എറണാകുളം ജുഡീഷ്യൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടുണ്ടോ ; | : | (ബി) നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള തീയതി തീരുമാനിച്ചിട്ടില്ല. |
| (സി) ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത് ? | : | (സി) ആറ്റിങ്ങൽ കോടതി സമുച്ചയത്തിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2 കോടി 80 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ